DESPATCHED On 22/11/21

12/11/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1346 (5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 11017/SIC-G7/2019

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.ജി.താണുപിള്ള,**
**എൻ.റ്റി.വി.നഗർ 86, വടക്കേപൊറ്റൂർ,**
**കടപ്പാക്കട പി.ഒ, കൊല്ലം – 691 008.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **ഊർജ്ജ (എ) വകുപ്പ്,**
   **ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **ഊർജ്ജ (എ) വകുപ്പ്,**
   **ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 16.01.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 25.02.2019 |
| ഒന്നാം അപ്പീൽ | 15.05.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | NIL |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 27.06.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ജി. താണുപിള്ള 16.01.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാകുന്ന രേഖകൾ ലഭ്യമാക്കണമെന്നായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25.02.2019 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 15.05.2019 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ ധനകാര്യ പരിശോധന (എൻ.ടി) വകുപ്പിൽ സമർപ്പിച്ച അപേക്ഷ അനന്തര നടപടികൾക്കായി ഊർജ്ജ (എ) വകുപ്പിലേയ്ക്ക് അയച്ചു നൽകിയതാണെന്നും പ്രസ്തുത അപേക്ഷയിന്മേൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് സംബന്ധിച്ച നടപടികൾ കൈകാര്യം ചെയ്യുന്നത് PWR-A3/251/2018-Power എന്ന ഫയലിലാണെന്നും പ്രസ്തുത ഫയൽ പരിശോധിക്കുകയും ഫയലിലെ തൽസ്ഥിതിയായ വിവരം ഹർജിക്കാരനെ 25.02.2019 തീയതിയിലെ PWR-A3/56/2019-PD നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ 24.06.2019 ൽ മറുപടി നൽകിയെന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയും, അപ്പീലും സമർപ്പിക്കുമ്പോൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ പൂർത്തിയായിരുന്നില്ലെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെയായി യാതൊരു വിവരവും ലഭിച്ചില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുന്ന രേഖകളാണ്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകാത്തതിനാലാണ് ഫയലിലെ തൽസ്ഥിതി വിവരം ഹർജിക്കാരനെ അറിയിച്ചുകൊണ്ടുള്ള മറുപടി ലഭ്യമാക്കിയതെന്ന എസ്.പി.ഐ.ഒ യുടെ മൊഴി കമ്മീഷൻ മുഖവിലയ്ക്കെടുക്കുന്നു. പ്രസ്തുത ഫയൽ ഒരിക്കൽകൂടി പരിശോധിച്ച് അപ്പീൽവാദി ആവശ്യപ്പെട്ട വിവരം നൽകേണ്ടതും കമ്മീഷനിൽ നിന്നും 13.10.2021 ന് നേർവിചാരണയ്ക്കുള്ള നോട്ടീസ് ലഭ്യമാക്കിയപ്പോൾ പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച സംക്ഷിപ്ത റിപ്പോർട്ട് കമ്മീഷനും, ഹർജിക്കാരനും ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത റിപ്പോർട്ട് ഹർജിക്കാരന് ലഭ്യമാക്കിയതായി കമ്മീഷൻ കാണുന്നില്ല. ഈ സാഹചര്യത്തിൽ എസ്.പി.ഐ.ഒ 27.10.2021 തീയതിയായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് രജിസ്റ്റേർഡ് തപാൽ മാർഗ്ഗം അപ്പീൽ ഹർജിക്കാരന് അയച്ചുകൊടുക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 12–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn